പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 835** 10.06.2019-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യവികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| എ) | പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് തുടക്കം കുറിച്ച പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അനുവദിച്ച സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. |
| ബി) | മേൽ സൂചിപ്പിച്ച പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാനത്തെ 280 ലധികം കോളനികളിലെ പ്രവൃത്തികൾ ഏറ്റെടുത്ത നിർമ്മിതികേന്ദ്രം ഉൾപ്പെടെയുള്ള ഏജൻസികൾ വരുത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | ബി) & സി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഡയറക്ടറേറ്റ് വഴിയും ജില്ലാ ഓഫീസ് വഴിയും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മന്ത്രിതലത്തിലും വകുപ്പ് തലത്തിലും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഒരു കോളനിയിലെയും നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ടില്ല.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിലെ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 കാലയളവ് മുതൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടു കൂടിയാണ് |
| സി) | പദ്ധതി നിർവ്വഹണത്തിൽ അലംഭാവം തുടരുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനും നിയമപരവും സമയബന്ധിതവുമായി പദ്ധതി പൂർത്തീകരിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ? | | |

നടപ്പിലാക്കുന്നത്. ജില്ലാതല പ്രർത്തക സമിതികളാണ് പ്രസ്തുത പദ്ധതികൾ അവലോകനം നടത്തുന്നത്. പദ്ധതി നിർവ്വഹണം നടത്തുന്നതിൽ വീഴ്ച വരുത്തി ഏജൻസികൾക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് സമയബന്ധിതമായ നോട്ടീസുകൾ പുറപ്പെടുവിക്കുകയും അല്ലാത്തപക്ഷം ടി ഏജൻസികളെ റിസ്ക് & കോസ്റ്റ്-ൽ ടെർമിനേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

2015-16 കാലഘട്ടത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലായി 45 കോളനികളിലെ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, നിലമ്പൂർ മുൻസിപ്പാലിറ്റി എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിരുന്നു. ടി കോളനികളിൽ 24 കോളനികളിലെ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 7 കോളനികളിലെ പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ചു പോയതിനാൽ റിസ്ക് &കോസ്റ്റ് -ൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുകയും, പ്രസ്തുത പദ്ധതി റീടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 101 കോളനികളെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുകയും, അവയിൽ ഫീസിബിൾ ആയ 97 കോളനികളുടെ നിർവ്വഹണ ഏജൻസികളായി സംസ്ഥാന നിർമ്മിതികേന്ദ്രം, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, വാപ്കോസ്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിലെ നിർമ്മിതി കേന്ദ്രങ്ങളെയും തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തികളുടെ

| | | | |
|---|---|---|---|
| | | | ഡി.പി.ആർ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. ടി കോളനികളിൽ ഒന്നുംതന്നെ പ്രവർത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല.<br>ജില്ലകളിൽ നടക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി ബന്ധപ്പെട്ട ഏജൻസികൾക്ക് കർശന നിർദ്ദേശം ആയതിനുള്ള നടപടി ഏകോപിപ്പിക്കുന്നുണ്ട്. ഇതിനു പുറമെ വകുപ്പിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**